(ബി) കായംകുളം നിയോജകമണ്ഡലത്തിൽ പ്രസ്തുത കാലയളവിൽ 14 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പരാതി ലഭിച്ചിട്ടുണ്ട്.

(സി) ടി പരാതികൾ രജിസ്റ്റർ ചെയ്ത് നമ്പർ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളതാണ്. 2013 ജനുവരി മാസത്തിനുശേഷം ആലപ്പുഴ ജില്ലയിൽ പോലീസ് കംപ്ലയിന്റ് അതോറിറ്റി യോഗം കൂടിയിട്ടില്ലാത്തതിനാൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

സോളാർ തട്ടിപ്പുകേസ്

207 (208) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സോളാർ തട്ടിപ്പുകേസിൽ പുതിയ തെളിവുകൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ; അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

ഇല്ല. സോളാർ തട്ടിപ്പ് കേസുകളുടെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്ട് ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെയുള്ള നടപടികൾ

208 (209) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പുറത്തിറക്കിയ ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്ട് (FCRA) ലംഘകരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സംസ്ഥാനത്തെ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നുള്ള വിവരം ലഭ്യമാക്കാമോ ;

(ബി) എഫ്.സി.ആർ.എ. ആക്ട് ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെയുള്ള നിയമപരമായ നടപടികൾ എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ &ബി) വിവരം രേഖരിച്ചുവരുന്നു.

നിയമസഭാ സാമാജികനെതിരായുള്ള ദൃശ്യങ്ങൾ - ആക്ഷേപങ്ങൾ

209 (210) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ അറിവോടെയാണ് ഒരു നിയമസഭാ സാമാജികനെതിരെ ദൃശ്യങ്ങൾ മാധ്യമങ്ങൾക്ക് നൽകിയതെന്ന് ആക്ഷേപിച്ചുകൊണ്ട് എറണാകുളം സിറ്റി പോലീസ് കമ്മീഷണർക്ക് ഒരു യുവതി പരാതി നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ആക്ഷേപങ്ങൾ സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ ; അന്വേഷണത്തെ തുടർന്ന് സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) പരാതിയെ തുടർന്ന് ആർക്കെല്ലാം എതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ആക്ഷേപങ്ങൾ സംബന്ധിച്ച് അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. അന്വേഷണം പൂർത്തിയായിട്ടില്ല.

(സി) പരാതി പ്രകാരം അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. ഇതുവരെയും ആർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

സോളാർ - അന്വേഷണപരിധിയിൽ മുഖ്യമന്ത്രിയുടെ ഓഫീസ്

210 (211) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സോളാർ അന്വേഷണ കമ്മീഷന്റെ അന്വേഷണ പരിധിയിൽ മുഖ്യമന്ത്രിയുടെ ഓഫീസിനെ കൂടി ഉൾപ്പെടുത്താനുണ്ടായ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ജസ്റ്റിസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളും സംബന്ധിച്ച് കേരള നിയമസഭയിലും പുറത്തും ഉന്നയിക്കപ്പെട്ടിട്ടുള്ള എല്ലാ ആരോപണങ്ങളും ഉൾപ്പെടുത്തിയിരുന്നു. കമ്മീഷൻ അന്വേഷിക്കേണ്ട ആരോപണങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച്, ആരോപണങ്ങൾ നിർണ്ണയിച്ച് വ്യക്തത വരുത്തി അന്വേഷണ കമ്മീഷണൻ 7-11-2014-ൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് വിപുലീകരിക്കുകയോ അന്വേഷണ പരിധിയിൽ പുതിയ വിഷയങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly